തല്ലിച്ചതച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നോർക്കണം, മാസങ്ങൾക്കുമുൻപ് അങ്ങേയ്ക്ക് മുദ്രാവാക്യം വിളിച്ച ആളുകളാണ് അവർ. ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരിട്ടറിയാവുന്ന വ്യക്തികളാണവർ. അവരുടെ പേരിൽ കള്ളക്കേസെടുത്തിരിക്കുകയാണ്. പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷാഹുൽ ഹമീദ് യാതൊരു പ്രകോപനവുമില്ലാതെ ആരെയോ പ്രീണിപ്പിക്കാൻവേണ്ടി നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകരെ ക്രൂരമായി മർദ്ദിക്കുകയും ആ മർദ്ദനത്തിനുശേഷം അനാവശ്യമായ കള്ളക്കേസുകൾ എടുത്ത് അവരെ ജയിലിൽ അടച്ചിരിക്കുകയുമാണ്. അതിനെതിരെ അന്വേഷണം ഏർപ്പെടുത്തണമെന്നും കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരുടെപേരിൽ നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, പകർച്ചവ്യാധികൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നാരോപിച്ച് തൃശ്ശൂർ കോർപ്പറേഷൻ മേയർക്കെതിരെ നാഷണൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ 27-5-2005-ന് ഉപരോധ നടപടികൾ സ്വീകരിക്കുമെന്ന് പോലീസിന് അറിവ് ലഭിച്ചു. അതിന്റെ വെളിച്ചത്തിൽ കോർപ്പറേഷൻ പരിസരത്ത് പോലീസ് ബന്തവസ് ഏർപ്പെടുത്തിയിരുന്നു. രാവിലെ എത്തിയ പ്രകടനക്കാർ കോർപ്പറേഷൻ ഓഫീസിനുപുറത്ത് കാത്തുനിന്നു. മേയർ എത്താത്തതിനെത്തുടർന്ന് പ്രകടനക്കാർ സെക്രട്ടറിയുടെ ഓഫീസ് ചവിട്ടിപ്പൊളിച്ച് അകത്തുകയറി. അവരെ എന്തുചെയ്യണമെന്നാണ് പറയുന്നത്? പൊതുമുതൽ നശിപ്പിക്കുകയും അക്രമം കാണിക്കുകയും ചെയ്താൽ അവരുടെ സ്ഥാനം ജയിലിൽ തന്നെയാണ്. നിയമവാഴ്ച ഉറപ്പുവരുത്തുക എന്നതാണ് ഒരു ജനാധിപത്യഗവൺമെന്റിന്റെ ചുമതല. ആ ചുമതല നിറവേറ്റുക മാത്രമേ ചെയ്തുള്ളൂ. പതിനാറുപേരുടെ പേരിൽ കേസുണ്ട്, എട്ടുപേർ ആശുപത്രിയിലാണ്. ഇതിനെക്കുറിച്ച് യാതൊരു അന്വേഷണവും നടത്തുന്നില്ല. അതിന്റെ ആവശ്യമില്ല. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയും അക്രമം കാണിക്കുന്നവർക്കെതിരെയും ഇനിയും കർശന നടപടികൾ എടുക്കുകതന്നെ ചെയ്യും.

(7) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 2003-2004, 2004-2005 അധ്യയന വർഷങ്ങളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിലെ ഫീസ് നിരക്ക്

ശ്രീ. പി. എസ്. സുപാൽ: സർ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള IHRD പോലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുവാനുള്ള തീരുമാനം എടുത്തു എന്നാണ് ഗവൺമെന്റ് പറഞ്ഞത്. വിദ്യാർത്ഥികൾ പ്രക്ഷോഭം നടത്തി അവസാനം അത് സംബന്ധിച്ച ഉറപ്പ് വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകി. ആ ഉറപ്പ് പാലിക്കാത്തതിനെത്തുടർന്ന് വീണ്ടും വിദ്യാർത്ഥികൾ പ്രക്ഷോഭസമരങ്ങൾ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിച്ച് IHRD പോലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് സർക്കാർ കോളേജുകളിലെ ഫീസ് മാത്രമേ വാങ്ങൂ എന്ന തീരുമാനം പ്രഖ്യാപിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾ സമരം പിൻവലിച്ചത്. ഇപ്പോൾ 2003-2004, 2004-2005 അദ്ധ്യയന വർഷങ്ങളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളോട് മാനേജുമെന്റ് സീറ്റിൽ വാങ്ങിക്കുന്ന ഫീസ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ് കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിൽ, അത് പാലിക്കാത്തതുകൊണ്ടുണ്ടായ വിഷയമാണ്. അതുകൊണ്ട് ഗവൺമെന്റ് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകണം. മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കാനുള്ള സംവിധാനമുണ്ടാക്കണം, അതിനാവശ്യമായ നിർദ്ദേശം കൊടുക്കണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി *(ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ)*: സർ, ഇതിൽ ചെറിയൊരു തെറ്റിദ്ധാരണയുണ്ട്. ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജിൽ ഈ വർഷം പ്രവേശനം കിട്ടിയ കുട്ടികൾക്ക് കൊടുക്കാമെന്ന് സമ്മതിച്ചതാണ്. ഒരു മാറ്റവുമില്ല. ഇപ്പോഴും കൊടുക്കുന്നുണ്ട്. ആ തീരുമാനം എടുത്തിട്ടുണ്ട്. അദ്ദേഹം പറയുന്നത് 2003-2004-ലെയും 2004-2005-ലെയും കാര്യമാണ്. അത് അങ്ങനെതന്നെ പറയുന്നതല്ലേ സത്യസന്ധത? 2003-2004-നെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു ഉത്തരവുണ്ടായിരുന്നു. 36,000 രൂപയാണ് അന്ന് ഫീസുണ്ടായിരുന്നത്. 36,000 രൂപ ഫീസ് തീരുമാനിച്ചുവന്നപ്പോൾ ഗവണ്മെന്റ് തീരുമാനമെടുത്തു, 60,000 രൂപയിൽ കുറഞ്ഞ വരുമാനമുള്ള ആളുകൾക്ക് കൺസെഷൻ കൊടുത്തു. അവർ 18,000 രൂപ ഫീസ് കൊടുത്താൽ മതിയെന്ന് തീരുമാനിച്ചു. അതു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ ബാച്ചിൽ, ആ ടേമിൽ പഠനം തുടർന്നുകൊണ്ടിരിക്കുകയാണ്. 2004-05-ൽ ഗവണ്മെന്റ് കുറച്ചുകൂടി ഉദാരമായി. ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ആളുകൾക്ക് സർക്കാർ കോളേജിലെ ഫീസ് മതിയാകുമെന്ന് തീരുമാനമെടുത്തു. അത് 2003-05-നെ സംബന്ധിച്ചിടത്തോളം എടുത്ത തീരുമാനമാണ്. അത് സെറ്റിൽ ചെയ്ത പ്രശ്നമാണ്. അതുപ്രകാരം ആ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ കൊല്ലത്തെ തീരുമാനം മറിച്ചായിരുന്നു. ഈ കൊല്ലം ഈ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം കിട്ടിയ 50 ശതമാനം കുട്ടികൾക്കും സർക്കാർ ഫീസ് എന്നു തീരുമാനിച്ചു. ഈ മൂന്നു പോയിന്റുകളും സെറ്റിൽചെയ്തു. അതിൽ നിന്ന് ഇളകുന്ന പ്രശ്നമില്ല. മറ്റൊരു കാര്യത്തിലും വാക്കുമാറുന്ന പ്രശ്നവുമില്ല. പക്ഷേ, നേരത്തെ സെറ്റിൽചെയ്ത പ്രശ്നം റീ-ഓപ്പൺ ചെയ്യാൻ ഈ ഘട്ടത്തിൽ സാധ്യമാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly